**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **22-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ വില വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പെട്രോൾ വില നൂറ് രൂപയിൽ കൂടുതൽ എത്തിയിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെട്രോളിയം വില വർദ്ധനയുടെ അധിക ഭാരം ഒഴിവാക്കുന്നതിന് വേണ്ടി എത്ര തവണ സംസ്ഥാന നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്; ഇപ്രകാരം എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്; | (ബി) | 2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. നികുതി നിരക്ക് കുറച്ചതിന്റെ ഫലമായി പെട്രോളിന്റേയും ഡീസലിന്റേയും വിലയിൽ അനുവദിച്ച ഇളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഓട്ടോ-ടാക്സി തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളും പെട്രോളിയം വില വർദ്ധനവിന്റെ ഫലമായി ദുരിതങ്ങൾ അനുഭവിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വിഹിതത്തിൽ കുറവ് വരുത്തി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-ന് ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. |

| | | | |
|---|---|---|---|
| | | | ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ് |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

നികുതി നിരക്ക് കുറച്ചതിന്റെ ഫലമായി പെട്രോളിന്റെ വിലയിൽ അനുവദിച്ച ഇളവ്

| ഉത്തരവ് നമ്പർ (SRO No.) | പ്രാബല്യത്തിൽ വന്ന ദിവസം | കുറയ്ക്കുന്നതിനു മുൻപുള്ള നികുതി നിരക്ക് | കുറച്ചതിനു ശേഷമുള്ള നികുതി നിരക്ക് | നികുതി നിരക്ക് കുറയ്ക്കുന്നതിനു മുൻപുള്ള വിൽപന വില | നികുതി നിരക്ക് കുറച്ചതിനു ശേഷമുള്ള വില്പന വില |
|---|---|---|---|---|---|
| 305/2011 dtd 19-05-2011 | 19-05-2011 | 29.01 | 26.64 | 66.88 | 65.36 |
| 582/2011 dtd 17-09-2011 | 18-09-2011 | 26.64 | 25.42 | 69.10 | 68.44 |
| 707/2011 dtd 05-11-2011 | 06-05-2011 | 25.42 | 24.75 | 70.46 | 70.09 |
| 372/2012 dtd 24-05-2012 | 25-05-2012 | 25.82 | 23.07 | 75.75 | 74.12 |

നികുതി നിരക്ക് കുറച്ചതിന്റെ ഫലമായി ഡീസലിന്റെ വിലയിൽ അനുവദിച്ച ഇളവ്

| ഉത്തരവ് നമ്പർ (SRO No.) | പ്രാബല്യത്തിൽ വന്ന ദിവസം | കുറയ്ക്കുന്നതിനു മുൻപുള്ള നികുതി നിരക്ക് | കുറച്ചതിനു ശേഷമുള്ള നികുതി നിരക്ക് | നികുതി നിരക്ക് കുറയ്ക്കുന്നതിനു മുൻപുള്ള വിൽപന വില | നികുതി നിരക്ക് കുറച്ചതിനു ശേഷമുള്ള വില്പന വില |
|---|---|---|---|---|---|
| 388/2011 dtd 28-06-2011 | 29-06-2011 | 24.69 | 22.6 | 44.85 | 44.1 |
| 631/2012 dtd 15-09-2012 | 16-09-2012 | 22.6 | 19.8 | 50.48 | 49.34 |

സെക്ഷൻ ഓഫീസർ